# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 192

25.04.2017-ൽ മറുപടിയ്ക്ക്

### എം.എൽ.എ ആഭ്യന്തര സെക്രട്ടറിയ്ക്കും ചീഫ് സെക്രട്ടറിയ്ക്കും നൽകിയ കത്ത്.

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) പതിനാലാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിലെ 124-ാം നമ്പർ ചോദ്യത്തിന് ലഭിച്ച തെറ്റായ ഉത്തരം പരിശോധിക്കണമെന്ന് കാണിച്ച് 05.12.2016 -ൽ കോട്ടക്കൽ എം.എൽ.എ ആഭ്യന്തര സെക്രട്ടറിയ്ക്കും ചീഫ് സെക്രട്ടറിക്കും നൽകിയ കത്തിന്റെ വിശദമായ വിവരം ലഭ്യമാക്കുമോ ; | (എ) (ബി) (സി) & (ഡി) 14-ാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിൽ 26.09.2016-ലെ നക്ഷത്രചിഹ്നമിടാത്ത 124-ാംനമ്പർ ചോദ്യത്തിന്റെ ഉത്തരം പരിശോധിക്കണമെന്നുള്ള കത്ത് ലഭിക്കുകയുണ്ടായി. സാധാരണയായി ഭരണ വകുപ്പിൽ ലഭ്യമല്ലാത്ത വിവരങ്ങൾ ബന്ധപ്പെട്ട ഓഫീസുകളിൽ നിന്നും ശേഖരിച്ചതിനു ശേഷമാണ് നിയമസഭാ ചോദ്യങ്ങൾക്കുള്ള മറുപടി തയ്യാറാക്കുന്നത്. ഇത്തരത്തിൽ പോലീസ് മേധാവിയിൽ നിന്നും ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ മറുപടിയാണ് കഴിഞ്ഞ സമ്മേളനത്തിൽ നൽകിയിരുന്നത്. എന്നാൽ ബഹു.എം.എൽ.എയുടെ കത്തിന്റെ അടിസ്ഥാനത്തിൽ വിശദമായ പരിശോധനയും |
| (ബി) ഈ കത്തിന്റെ അടിസ്ഥാനത്തിൽ ആഭ്യന്തര വകുപ്പിൽ സ്വീകരിച്ച നടപടികളുടെ വിശദമായ വിവരം ലഭ്യമാക്കുമോ; | |
| (സി) ഇതുമായി ബന്ധപ്പെട്ട ഫയലുകളുടെ മുഴുവൻ വിവരങ്ങളും കോപ്പികളും ലഭ്യമാക്കുമോ ; | |

| | | |
|---|---|---|
| (ഡി) | 05.12.2016 ന് നൽകിയ കത്തിന് നാളിതുവരെയായി എം.എൽ.എയ്ക്ക് മറുപടി ലഭ്യമായിട്ടില്ലെന്ന കാര്യം ആഭ്യന്തര വകുപ്പ് പരിശോധിക്കുമോ ; ഇക്കാര്യത്തിലുള്ള വ്യക്തമായ വിവരം ലഭ്യമാക്കുമോ ? | അന്വേഷണവും നടത്തിയതിൽ പോലീസിന്റെ ഭാഗത്തു നിന്നും സമർപ്പിച്ച വിവരത്തിലെ പിഴവാണ് ഇതിന് കാരണമായിട്ടുള്ളതെന്ന് വെളിപ്പെടുകയുണ്ടായി. തുടർന്ന് വകുപ്പിന്റെ 22.04.2017 -ലെ നം.100421/എസ്.സി3/2016/ആഭ്യന്തരം കത്തു പ്രകാരം വിശദമായ മറുപടി ബഹു.എം.എൽ.എയ്ക്ക് അയച്ചു നൽകിയിട്ടുണ്ട്. നിയമസഭാ ചോദ്യത്തിന് മറുപടി തയ്യാറാക്കുന്നതിലേക്കാവശ്യമായ വിവരങ്ങളിൽ വസ്തുതാപരമായ പിഴവ് വന്നു ചേരാനിടയായ സംഭവം സർക്കാർ ഗൗരവകരമായി കാണുകയും ബന്ധപ്പെട്ടവർക്ക് താക്കീത് നൽകുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ